# കുടുംബവർഷ കലണ്ടർ

(2021 മാർച്ച് 19 – 2022 ജൂൺ 26)

## 2021 മാർച്ച്

**ചിന്താവിഷയം:**‘‘നസറത്തിലെ തിരുക്കുടുംബം ജീവിച്ച സ്നേഹത്തിന്റെയും വിശ്വസ്തതയുടെയും ഉടമ്പടിയാണ് ഓരോ കുടുംബത്തിനും രൂപം നല്കുക’’(*സ്നേഹത്തിന്റെ സന്തോഷം*, 66)

**പ്രാർത്ഥനാനിയോഗം:** 1. കുടുംബങ്ങളുടെ വിശുദ്ധീകരണത്തിന്

2. രൂപതാകുടുംബത്തിന്റെ വളർച്ചക്ക്.

**ആഘോഷം:** 19ന് വിശുദ്ധയൗസേപ്പിതാവിന്റെ തിരുന്നാൾ–കുടുംബവർഷ ഉത്ഘാടനം; 21ന് രൂപതാദിനാചരണം.

**പ്രവർത്തനപരിപാടി:** 1. കുടുംബങ്ങളിൽ തിരുകുടുംബ രൂപമോ ചിത്രമോ സ്ഥാപിക്കുക; തിരുക്കർമ്മസമയത്ത് പള്ളികളിലും. 2. ഭവനസന്ദർശനം, വീട് വെഞ്ചിരിപ്പ് ആരംഭിക്കുന്നു. 3. മാർച്ച് 21ന് നമ്മുടെ രൂപതയെപ്പറ്റിയും അതിന്റെ ആവശ്യങ്ങളെപ്പറ്റിയും ഇടവകസമൂഹത്തെ അറിയിക്കുന്നു. പ്രാർത്ഥന, സഹകരണം, സഹായം അഭ്യർത്ഥിക്കുന്നു. ഇന്നത്തെ കളക്ഷൻ രൂപതക്കായി.

## ഏപ്രിൽ

**ചിന്താവിഷയം:** ‘‘വിവാഹത്തിന്റെയും കുടുംബത്തിന്റെയും ദാനങ്ങളെ വിലമതിക്കുകയും ഉദാരത, സമർപ്പണബോധം, വിശ്വസ്തത, സഹനശക്തി എന്നീ ഗുണങ്ങളാൽ ശക്തമാക്കപ്പെട്ട സ്നേഹത്തിൽ നിലനില്ക്കുക’’(*സ്നേഹത്തിന്റെ സന്തോഷം*, 5).

**പ്രാർത്ഥനാനിയോഗം:–** മാർതോമാശ്ലീഹാവഴി കൈമാറ്റപ്പെട്ട വിശ്വാസപൈതൃകത്തിലും ശ്ലൈഹികപാരമ്പര്യത്തിലും നമ്മുടെ കുടുംബങ്ങൾ ആഴപ്പെടാൻ.

**ആഘോഷം:** ഏപ്രിൽ 11 പുതുഞായർ (Divine Mercy Sunday) ‘‘എന്റെ കർത്താവേ, എന്റെ ദൈവമേ!’’ മാർതോമാശ്ലീഹായോടു ചേർന്ന് നമ്മുടെ വിശ്വാസം ആഘോഷിക്കുക.

**പ്രവർത്തനപരിപാടി:** 1. ഇടവകാതലത്തിൽ കുടുംബവർഷാചരണത്തെപ്പറ്റി പരിപാടികൾ തയ്യാറാക്കുക.

2. കുടുംബസന്ദർശനം, വീടുവെഞ്ചിരിപ്പ് തുടരുന്നു.

## മെയ്

**ചിന്താവിഷയം:** ''അനുദിന പ്രാർത്ഥനയിൽ പങ്കുചേർന്ന്, ദൈവവചനം വായിച്ച്, വിശുദ്ധകുർബാനയിൽ സംബന്ധിച്ച്, സ്നേഹത്തിൽ വളരാനും പൂർവ്വാധികം പൂർണ്ണമായി പരിശുദ്ധാത്മാവ് വസിക്കുന്ന ആലയമാകാനും കുടുംബം വിളിക്കപ്പെട്ടിരിക്കുന്നു.'' (*സ്നേഹത്തിന്റെ സന്തോഷം,* 28).

**പ്രാർത്ഥനാനിയോഗം:** പരിശുദ്ധത്രിത്വത്തിന്റെ കൂട്ടായ്മയിൽ നമ്മുടെ കുടുംബം സ്നേഹത്തിൽ ഒന്നാകാൻ പരിശുദ്ധാത്മാവിന്റെ വരദാനങ്ങൾക്കായി.

**ആഘോഷം:** 23ന് പെന്തക്കുസ്താ തിരുന്നാൾ, 30ന് പരിശുദ്ധത്രിത്വത്തിന്റെ തിരുന്നാൾ.

**പ്രവർത്തനപരിപാടി:** 1. പെന്തക്കുസ്താ ദിനം കുഞ്ഞുങ്ങളെ എഴുത്തിനിരുത്തുന്നു. 2. കുടുംബസന്ദർശനം, വീടുവെഞ്ചിരിപ്പ് തുടരുന്നു. 3. നേഴ്സസ് ഡെ (12) യോട് അനുബന്ധിച്ച് ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്നവർക്ക് വേണ്ടി സെമിനാറും പ്രാർത്ഥനാശുശ്രൂഷയും നടത്തുക.

## ജൂൺ

**ചിന്താവിഷയം:** ''സൃഷ്ടിയിൽ ഉത്ഭവിച്ചതും രക്ഷാകരചരിത്രത്തിൽ വെളിപ്പെട്ടതുമായ ദാമ്പത്യഉടമ്പടി മിശിഹായിലും അവിടുത്തെ സഭയിലും പൂർണ്ണമായ അർത്ഥം കണ്ടെത്തുന്നു'' (*സ്നേഹത്തിന്റെ സന്തോഷം*, 63).

**പ്രാർത്ഥനാനിയോഗം:** നമ്മുടെ കുടുംബം ഈശോയുടെതിരുഹൃദയത്തിന്റെ സ്നേഹചൈതന്യത്തിൽ വളരാൻ.

**ആഘോഷം:** 11ന് തിരുഹൃദയ തിരുന്നാൾ

**പ്രവർത്തന പരിപാടി:** 1. മുമ്പ് നിശ്ചയിച്ച സമയത്ത് ഇടവകയിലെ കുടുംബങ്ങളിൽ എല്ലായിടത്തും ഒരേ സമയം തിരുഹൃദയ പ്രതിഷ്ഠ ആഘോഷമായി നടത്തുക.

2. വിധവകൾക്കും വിഭാര്യർക്കും മക്കളില്ലാത്തവർക്കും വേണ്ടി വിശുദ്ധ കുർബാനയും പ്രാർത്ഥനാശുശ്രൂഷയും നടത്തുക.

## ജൂലായ്

**ചിന്താവിഷയം:** ''മാതാപിതാക്കൾ വിശ്വാസപരിശീലനകാര്യത്തിൽ മക്കളുടെ പ്രഥമ അധ്യാപകരായിത്തീരുന്ന സ്ഥലമാണ് കുടുംബം'' (*സ്നേഹത്തിന്റെ സന്തോഷം*, 16).

**പ്രാർത്ഥനാനിയോഗം:** നമ്മുടെ മാതാപിതാക്കൾ, പൂർവ്വികർ മുതലായ എല്ലാ കുടുംബാഗങ്ങൾക്കും വേണ്ടി.

**ആഘോഷം:** 3ന് ദുഖ്റാന തിരുന്നാൾ, സാധിക്കുന്നിടത്ത് റാസക്രമത്തോടെ; 12ന് വിശുദ്ധ കൊച്ചുത്രേസ്യായുടെ മാതാപിതാക്കളായ വിശുദ്ധ ലൂയി മാർട്ടിൻ, സെലിഗ്വരിൻ എന്നിവരുടെ തിരുന്നാൾ; 26ന് പരിശുദ്ധ ദൈവമാതാവിന്റെ മാതാപിതാക്കൾ, വിശുദ്ധ അന്നയുടെയും യൊവാക്കിമിന്റെയും തിരുന്നാൾ.

**പ്രവർത്തന പരിപാടി:** മാതാപിതാകളുമായും grand parents മായും കൂടുതൽ സംസർഗം പുലർത്തുക, അങ്ങനെ ചെയ്യാൻ മക്കളെ പ്രോത്സാഹിപ്പിക്കുക. അവർക്ക് ഫോൺ ചെയ്യാനും മറ്റും കൂടുതൽ ശ്രദ്ധിക്കുക അവർ രോഗാവസ്ഥയിലോ

പ്രായാധിക്യത്തിലോ ആണെങ്കിൽ വേണ്ട പരിഗണയും സ്നേഹവും സഹായവും നല്കുക.

## ആഗസ്റ്റ്

**ചിന്താവിഷയം:** ''അനേകർ അതിജീവനത്തിന് മാത്രമായി ഭ്രാന്തുപിടിച്ച് ഓടുന്ന ഇന്നത്തെ ലോകത്തിൽ കുടുംബം വിശ്വാസത്തിന്റെ അർത്ഥവും സൗന്ദര്യവും വിലമതിക്കാനും പ്രാർത്ഥിക്കാനും അയല്ക്കാരനെ സ്നേഹിക്കാനുമുള്ള സ്ഥലമാകണം. ഇത് മാമ്മോദീസയോടെ തുടങ്ങുന്നു'' (*സ്നേഹത്തിന്റെ സന്തോഷം*, 287)

**പ്രാർത്ഥനാനിയോഗം:** യുവജനങ്ങൾ പ്രാർത്ഥനാപൂർവ്വം തങ്ങളുടെ ദൈവവിളി തിരിച്ചറിഞ്ഞ് ജീവിതാന്തസിൽ പ്രവേശിക്കാൻ.

**ആഘോഷം:** 4ന് ഇടവക വൈദികരുടെ മദ്ധ്യസ്ഥനായ വിശുദ്ധ ജോൺ മേരി വിയാനിയുടെ തിരുന്നാൾ; 8ന് വിശുദ്ധ മേരി മക്കല്ലപ്പിന്റെ തിരുന്നാൾ; 15ന് പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണ തിരുന്നാൾ.

**പ്രവർത്തന പരിപാടി:** 1. കുടുംബങ്ങളുടെയും യുവജനങ്ങളുടെയും വിളിയെയും ദൗത്യത്തെയും കുറിച്ച് ദൈവവിളി സെമിനാറുകൾ ഇടവകതലത്തിൽ സംഘടിപ്പിക്കുക. 2. അൾത്താരശുശ്രൂഷികൾക്കു വേണ്ടി സെമിനാറും പ്രാർത്ഥനാശുശ്രൂഷയും നടത്തുക.

## സെപ്റ്റംബർ

**ചിന്താവിഷയം:** ''കുടുംബങ്ങൾ കുടുംബസുവിശേഷത്തിന്റെ സജീവപ്രവർത്തകരാകണം. കുടുംബങ്ങളുടെ അജപാലനശുശ്രൂഷക്ക് പ്രധാനസംഭാവന നല്കുന്നത് ഇടവകയാണ്. ചെറിയസമൂഹങ്ങളും സഭാത്മകപ്രസ്ഥാനങ്ങളും സംഘടനകളും സമന്വയത്തോടെ ജീവിക്കുന്ന കുടുംബങ്ങളുടെ കുടുംബമാണ് ഇടവക'' (*സ്നേഹത്തിന്റെ സന്തോഷം*, 200–202).

**പ്രാർത്ഥനാനിയോഗം:** നമ്മുടെ കുടുബങ്ങളുടെ ദൈവികസംരക്ഷണത്തിനായി.

**ആഘോഷം:** 14ന് വിശുദ്ധകുരിശിന്റെ പുകഴ്ച; 29ന് മുഖ്യദൂതന്മാരുടെ തിരുന്നാൾ.

**പ്രവർത്തന പരിപാടി:** 1. കുടുംബകൂട്ടായ്മകളെ കൂടുതൽ സജീവമാക്കുക; എല്ലാ കുടുംബങ്ങളെയും അതിൽ പങ്കെടുപ്പിക്കുക. 2. കുടുംബം, കുടുംബകൂട്ടായ്മ, ഇടവകതലങ്ങളിൽ തീർത്ഥാടനം സംഘടിപ്പിക്കുക.

## ഒക്ടോബർ

**ചിന്താവിഷയം:** ''കുടുംബത്തിൽ 'മൂന്നുവാക്കുകൾ' ഉപയോഗിക്കപ്പെടണം. ഇത് ആവർത്തിച്ചു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ആ മൂന്നു വാക്കുകൾ ഇവയാണ്: 'ദയവായി', 'നന്ദി', 'ഖേദിക്കുന്നു'; സുപ്രധാനമായ മൂന്നു വാക്കുകൾ'' (*സ്നേഹത്തിന്റെ സന്തോഷം*, 133,266).

**പ്രാർത്ഥനാനിയോഗം:** കുടുംബപ്രശ്നങ്ങൾ അനുഭവിക്കുന്ന ദമ്പതികൾക്കും ശാരീരികവും മാനസികവുമായി പ്രത്യേക പരിഗണന അർഹിക്കുന്ന കുടുംബാഗങ്ങൾക്കും വേണ്ടി.

**ആഘോഷം:** 7ന് ജപമാലരാജ്ഞിയുടെ തിരുന്നാൾ; 22ന് വിശുദ്ധ ജോൺ രണ്ടാമന്റെ തിരുന്നാൾ

**പ്രവർത്തന പരിപാടി:** കൊന്തമാസം പൂർവ്വാധികം ആഘോഷമായി ആചരിക്കുക; കൊന്ത മാസസമാപനം പ്രദക്ഷിണത്തോടെ നടത്തുക.

**നവംബർ**

**ചിന്താവിഷയം:** ''വിശ്വാസത്തിൽ വളരാൻ അജപാലകരായ നമ്മൾ കുടുംബങ്ങളെ പ്രോത്സാഹിപ്പിക്കണം. വിശ്വാസപരിശീലനം ഓരോ ശിശുവിനും ചേർന്നതാകണം. കുട്ടികൾക്ക് പ്രതീകങ്ങളും പ്രായോഗിക പഠനങ്ങളും കഥകളും വേണം. യുവാക്കൾക്ക് അവരുടെ തന്നെ വിശ്വാസാനുഭവത്തെ പ്രോത്സാഹിപ്പിക്കുന്നതും സ്വർഗീയസൗന്ദര്യം കൊണ്ട് അവരെ നേടിയെടുക്കുന്ന ആകർഷകമായ സാക്ഷ്യങ്ങൾ നല്കുന്നതുമാകണം'' (*സ്നേഹത്തിന്റെ സന്തോഷം*, 227, 288).

**പ്രാർത്ഥനാനിയോഗം:** മതബോധനവിദ്യാർത്ഥികൾക്കും മതാധ്യാപകർക്കും വേണ്ടി.

**ആഘോഷം:** 4ന് മതബോധന മധ്യസ്ഥനായ വിശുദ്ധ ചാൾസ് ബൊറോമേയുടെ തിരുന്നാൾ; 21ന് ക്രിസ്തുരാജ തിരുന്നാൾ.

**പ്രവർത്തന പരിപാടി:** 1. മതാധ്യാപകർക്ക് സെമിനാർ 2. *''സ്നേഹത്തിന്റെ സന്തോഷം''* ഇടവകയിലെ കുടുംബകൂട്ടായ്മകളിൽ പഠന-ചർച്ചാ വിഷയമാക്കുക.

**ഡിസംബർ**

**ചിന്താവിഷയം:** ''വിവാഹത്തിന് ഒരുങ്ങുന്ന ദമ്പതികളെ തക്ക സമയത്ത് ഒരുക്കുന്ന ഇടവകാസമൂഹം കാലക്രമേണ ഉണ്ടാകാവുന്ന പ്രശ്നങ്ങളെയും അപകടസാധ്യതകളെയും തിരിച്ചറിയാനും അവരെ സഹായിക്കണം'' (*സ്നേഹത്തിന്റെ സന്തോഷം*, 209).

**പ്രാർത്ഥനാനിയോഗം:** നവജാത ശിശുക്കൾക്കും ഗർഭസ്ഥ ശിശുക്കളുടെ സംരക്ഷണത്തിനും വേണ്ടി.

**ആഘോഷം:** 1. മംഗലവാർത്തക്കാലം പൂർവ്വാധികം ആത്മീയചൈതന്യത്തോടെ ആചരിച്ചുകൊണ്ട്, ഈശോയുടെ തിരുപ്പിറവി ആഘോഷിക്കുക. 2. 27ന് തിരുക്കുടുംബ തിരുന്നാൾ ആഘോഷിക്കുക.

**പ്രവർത്തന പരിപാടി:** 1. മംഗലവാർത്ത ഒന്നാം ഞായർ മുതൽ രണ്ടാം ഞായർ വരെ ബൈബിൾ വാരം ആചരിക്കുക. ബൈബിൾ പാരായണം പ്രചരിപ്പിക്കുക.

2. വിശ്വാസോത്സവം (Faith Fest) ഇടവകാതലത്തിൽ സംഘടിപ്പിക്കുക.

**2022 ജനുവരി**

**ചിന്താവിഷയം:** ''കുടിയേറ്റം കാലത്തിന്റെ അടയാളമാണ്. കുടുംബ ജീവിതത്തിൽ അതുണ്ടാക്കുന്ന നിഷേധാത്മക അനന്തരഫലങ്ങൾ നാം മനസിലാക്കണം. ചരിത്രസ്മരണയുടെ അഭാവം നമ്മുടെ സമൂഹത്തിലെ ഗൗരവമായ പോരായ്മയാണ്'' (*സ്നേഹത്തിന്റെ സന്തോഷം*, 46, 193).

**പ്രാർത്ഥനാനിയോഗം:** നമ്മുടെ മാതൃരാജ്യമായ ഇന്ത്യക്കും ഇന്നത്തെ നമ്മുടെ പ്രവാസകേന്ദ്രമായ ഓസ്ട്രേലിയാക്കും വേണ്ടി.

**ആഘോഷം:** 6ന് ദനഹാ തിരുന്നാൾ

**പ്രവർത്തന പരിപാടി:** 1. വിശ്വാസോത്സവം സംഘടിപ്പിക്കുക 2. സ്നേഹത്തിന്റെ സന്തോഷത്തെപറ്റി പഠന-ചർച്ചകൾ സംഘടിപ്പിക്കുക.

## ഫെബ്രുവരി

**ചിന്താവിഷയം:** ''അണുകുടുംബങ്ങൾ കൂടുതൽ വിശാലമായ കുടുംബവുമായി- മാതാപിതാക്കൾ, ഇളയമ്മമാർ, ചിറ്റപ്പന്മാർ, അവരുടെ മക്കൾ, അയല്ക്കാർ എന്നിവരുമായി - ബന്ധപ്പെടണം. സഹായം ആവശ്യമുള്ളവരോ, കുറഞ്ഞത് സൗഹൃദമോ വാത്സല്യമോ ആവശ്യമുള്ളവരോ സഹനത്തിൽ സമാശ്വാസം ആവശ്യമുള്ളവരോ ഉണ്ടായേക്കാം. മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നത് വിശുദ്ധവും ഭക്തിപൂർണ്ണവുമാണ്'' (*സ്നേഹത്തിന്റെ സന്തോഷം*, 187, 257).

**പ്രാർത്ഥനാനിയോഗം:** നമ്മുടെ വിശാലകുടുംബാഗങ്ങൾക്കും നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടവർക്കും വേണ്ടി.

**ആഘോഷം:** 11ന് ലൂർദ്ദുമാതാവിന്റെ തിരുന്നാൾ; 25ന് ദെനഹാകാലം അവസാന വെള്ളി സകല മരിച്ചവരുടെ അനുസ്മരണദിനം.

**പ്രവർത്തന പരിപാടി:** രോഗീസന്ദർശനം; അടുത്തുള്ള സിമിത്തേരി സന്ദർശനം; മരിച്ചവരുടെ ഒപ്പീസ് ചൊല്ലുക.

## മാർച്ച്

**ചിന്താവിഷയം:** ''വിവാഹത്തെ സ്നേഹത്തിന്റെ ഒരു കാര്യമായി കരുതുകയെന്നത് പ്രാധാനപ്പെട്ട കാര്യമാണ്. ഓരോ വിവാഹവും ഒരുതരം 'രക്ഷാകരചരിത്ര'മാണ്'' (*സ്നേഹത്തിന്റെ സന്തോഷം*, 217, 221).

**പ്രാർത്ഥനാനിയോഗം:** നിത്യരോഗികൾക്കും കുടുംബങ്ങളിൽ വ്യണിതരും പ്രത്യേകപരിഗണന ആവശ്യമുള്ളവർക്കും വേണ്ടി.

**ആഘോഷം:** 19ന് യൗസേപ്പിതാവിന്റെ തിരുന്നാൾ, 20ന് രൂപതാദിനം; 25ന് മംഗലവാർത്താ തിരുന്നാൾ.

**പ്രവർത്തന പരിപാടി:** രൂപതാ മാസ്റ്റർപ്ലാൻ ഇടവകതലത്തിൽ ചർച്ചാ-പഠന വിഷയമാക്കുക (Together, Towards Christ).

## ഏപ്രിൽ

**ചിന്താവിഷയം:** ''അജപാലകരായ നാം ജനങ്ങളുടെ വീടുകൾ സന്ദർശിക്കുമ്പോൾ കുടുംബത്തിലെ എല്ലാ അംഗങ്ങളെയും ഒരുമിച്ച് കൂട്ടണം. ഓരോരുത്തരും മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കണം. കുടുംബങ്ങളെ കർത്താവിന്റെ കരങ്ങളിൽ സമർപ്പിച്ചുകൊണ്ട് അങ്ങനെ ചെയ്യണം'' (*സ്നേഹത്തിന്റെ സന്തോഷം*, 227).

**പ്രാർത്ഥനാനിയോഗം:** വൈദികവിദ്യാർത്ഥികൾ, ഡീക്കന്മാർ, വൈദികർ, മെത്രാന്മാർ, മാർപ്പാപ്പ എന്നിവർക്കും, സഭയിലെ രക്തസാക്ഷികൾക്കുംവേണ്ടി.

**ആഘോഷം:** വലിയ ആഴ്ച, പെസഹാ വ്യാഴം കൂടുതൽ തീക്ഷ്ണമായി ആഘോഷിക്കുക; 24ന് വിശുദ്ധ ഗീവർഗ്ഗീസിന്റെ തിരുന്നാൾ.

**പ്രവർത്തന പരിപാടി:** രൂപതയുടെ വൈദിക പരിശീലനത്തിൽ പങ്കുചേരുക; പൗരോഹിത്യ ജീവിതത്തെപ്പറ്റി പഠിക്കുക; ചർച്ച ചെയ്യുക.

**മെയ്**

**ചിന്താവിഷയം:** നമ്മുടെ സമൂഹത്തിന്റെ ഭ്രാന്തമായ പോക്കും തൊഴിൽ സ്ഥലത്തെ സമ്മർദ്ദങ്ങളും (കുടുംബങ്ങളിൽ) പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. മറ്റവസരങ്ങളിൽ, ഒന്നിച്ചായിരിക്കുന്ന സമയത്തിന്റെ മേന്മക്കുറവുമുണ്ട്'' (*സ്നേഹത്തിന്റെ സന്തോഷം*, 224).

**പ്രാർത്ഥനാനിയോഗം:** തൊഴിലാളികൾക്കും തൊഴിൽ മേഖലകളിൽ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവർക്കും വേണ്ടി.

**ആഘോഷം:** 1ന് തൊഴിലാളി മദ്ധ്യസ്ഥനായ യൗസേപ്പിതാവിന്റെ തിരുന്നാൾ; മെയ്മാസവണക്കം.

**പ്രവർത്തന പരിപാടി:** 1. നേഴ്സസ് ഡെ (12) യോട് അനുബന്ധിച്ച് ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്നവർക്ക് വേണ്ടി സെമിനാറും പ്രാർത്ഥനാശുശ്രൂഷയും നടത്തുക. 2. കുടുംബവർഷ സമാപനത്തിനൊരുക്കമായി കുടുംബസന്ദർശനവും വീടു വെഞ്ചിരിപ്പും നടത്തുക.

**ജൂൺ**

**ചിന്താവിഷയം:** ''(ക്രൈസ്തവകുടുംബം) ത്രിത്വത്തിന്റെ സംമ്പൂർണ്ണകൂട്ടായ്മയിൽ നിന്ന്, മിശിഹായും സഭയും തമ്മിലുള്ള അഗാധമായ ഐക്യത്തിൽ നിന്ന്, നസറത്തിലെ തിരുക്കുടുംബമാകുന്ന സ്നേഹസമൂഹത്തിൽ നിന്ന്, സ്വർഗത്തിലെ വിശുദ്ധരുടെ ഇടയിലുള്ള പരിശുദ്ധമായ സാഹോദര്യത്തിൽ നിന്ന് ജനിച്ചതാണ്'' (*സ്നേഹത്തിന്റെ സന്തോഷം*, 325).

**പ്രാർത്ഥനാനിയോഗം:** നമ്മുടെ കുടുംബങ്ങളും ഇടവകാകുടുംബവും രൂപതാകുടുംബവും ദൈവസ്നേഹത്തിൽ വളരാൻ.

**ആഘോഷം:** 10ന് തിരുഹൃദയത്തിരുന്നാൾ; കുടുംബവർഷം 26ന് സഘോഷം സമാപിക്കുക.

**പ്രവർത്തന പരിപാടി:** 1. കുടുംബസന്ദർശനം, വീടുവെഞ്ചിരിപ്പ് തുടരുക. 2. ജൂൺ 26ന് കുടുംബവർഷ സമാപനത്തിന് ഇടവകയെ സജ്ജമാക്കുക. 3. *സ്നേഹത്തിന്റെ സന്തോഷം* കുടുംബകൂട്ടായ്മകളിൽ ചർച്ചാവിഷയമാക്കുക.